# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൈലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/1305/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/1305/2022 തീയ്യതി: 26/07/2022

## കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ജയകുമാരിഅമ്മ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റജിന എ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗിരിജാമുരളീധരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ബിന്ദു ജി നാഥ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ടി. ശിവകുമാർ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീമതി. ഐ.അനിതകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 14-06-2020 |
| ശ്രീ. റ്റി.ജോൺ | സെക്രട്ടറി | 15-06-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഐ.അനിതകുമാരി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ദീപ ഗോപിനാഥ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. അനുദേവ വി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.രമാദേവി എ.ബി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.ചിത്ര കെ.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജെയിംസ് ജോർജ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ. ഗോപകുമാർ എൻ | ഹെഡ്മാസ്റ്റർ | 04-02-2021 | 31-03-2021 |
| ഡോ.ഗിരൺ | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2020 | 15-11-2020 |
| ഡോ അനിലമേരി എ എസ് | മെഡിക്കൽഓഫീസർ(അലോപ്പതി) | 16-11-2020 | 31-03-2021 |
| ശ്രീമതി.വിനിത ബേബി ജേക്കബ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 12-11-2020 |
| ശ്രീമതി രേഖ പി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-11-2020 | 31-03-2021 |
| ശ്രീമതി. ശ്രീലക്ഷ്മി ആർ | എംജി.എൻ.ആർ.ഇ.ജി.എസ്., | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| എസ് | അക്രഡിറ്റഡ് എഞ്ചിനീയർ | | |
| ശ്രീമതി മീര | ഡയറി ഫാം ഇൻസ്‌പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു എസ് | ഫിഷറീസ് ഇൻസ്‌പെക്ടർ | 02-11-2020 | 31-03-2021 |
| ശ്രീമതി.രാജിമോൾ.ആർ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ.ശിഖിൽരാജ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 09-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajina A.S (Auditor, On 07-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 09-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - സർക്കാർ ഫണ്ടിന് നഷ്ടം.<br>Written By: Jayakumari Amma G (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-7-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 12-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1- 9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 09-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-10 |
| 14 | ബാങ്ക് നിക്ഷേപം തിരികെ ലഭ്യമാക്കാനുള്ള കോടതി വിധി നടപ്പിലാക്കിയില്ല.<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-11 |
| 15 | റീക്കൺസിലിയേഷൻ - അപാകതകൾ<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-12 |
| 16 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-13 |

| | | |
|---|---|---|
| 17 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല - അടിയന്തിര നടപടികൾ അനിവാര്യം.<br>Written By: Rajan.V.D (Senior Grade Auditor, On 11-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-14 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 06-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-15 |
| 19 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 12-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-16 |
| 20 | സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ - 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-17 |
| 21 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-18 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-19 |
| 23 | പ്രോജക്ടും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-20 |
| 24 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല.<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 1-21 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajina A.S (Auditor, On 12-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 12-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 13-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 10-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

30/03/20 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15/02/21 തീയതിയിലെ 6(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 05-10-2021 | - | - |

### 1-2.1 വാർഷികകണക്കിലെ അപാകതകൾ

1. SBI- E Payment 2019-20 RP40(b) പ്രകാരം 289884/- രൂപ 2020-21 RP40(a) പ്രകാരം 280817/- രൂപ

2. വസ്തുനികുതി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ - സഞ്ചയ - സാംഖ്യ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ്, ബാലൻസ് തുക രജിസ്റ്റർ പ്രകാരമുള്ളത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷികകണക്ക പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാൻഡ് | 847900/- | 865990/- |
| കളക്ഷൻ | 847900/- | 847900/- |
| ബാലൻസ് | 0 | 18090/- |

4. സ്ഥാപനതൊഴിൽ നികുതി ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുക രജിസ്റ്റർ പ്രകാരമുള്ളത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷികകണക്ക പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാൻഡ് | 72550/- | 17500/- |
| കളക്ഷൻ | 72550/- | 17500/- |
| ബാലൻസ് | 0 | 0 |

5. Election Deposit റസീപ്റ്റ്, പേയ്മെന്റ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലുൾപ്പെടുന്നതും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6. ബി-9 ഷെഡ്യൂൾ-Liability In Respect Of Stale Cheques ഇനത്തിൽ 4928/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7. ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടുള്ള ആസ്തിയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. Capital Work In Progress ന്റെ വിവരം ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടുള്ളത് (B11 B) 389698/- രൂപയാണെന്നിരിക്കെ പാർട്ട് ബിൽ നൽകിയതിന്റെ വിവരങ്ങൾ നൽകിയത് പ്രകാരം 1179324/- രൂപയാണ്.

8. ബാലൻസ് ഷീറ്റിൽ സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

9. ഷെഡ്യൂൾ ബി18 Loans & Advances 460100199, 460500202, 460500203, 460500204, 460500501 460500399 എന്നീ ഹെഡ്ഡിലുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10. ബാലൻസ് ഷീറ്റ് B4 - ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ നീക്കിയിരിപ്പ് തുക 908701/-

ആണെന്നിരിക്കെ Treasury Special TSB Joint Venture (799011400001769) നീക്കിയിരിപ്പ് തുക 10,00,000/- രൂപയാണ്.

11. ഹഡ്കോ ലോണിന്റെ ചെലവ് വിശദാംശങ്ങൾ RP - 47ൽ ഉൾപ്പെട്ടിട്ടുള്ളത് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് 6167846/-ആണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 2181630/-ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

12. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ്, ബാലൻസ് തുക വാർഷിക കണക്ക് പ്രകാരം ഉള്ളത് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

13. RP - 7 ൽ ഉൾപ്പെട്ടിട്ടുള്ള 160200201 എന്ന ഹെഡിലുള്ള 210000/-രൂപ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

14. RP-10 Audit Recovery Based On Charge Certificate എന്ന ഹെഡിൽ 31,868/-രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത ബോധ്യപ്പെടുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

15. PDE യിൽ നിന്നും 28.09.2020 തീയതിയിൽ ILGMS ൽ കണക്കുകൾ ഉൾപ്പെടുത്തിയപ്പോൾ Receipt & Payment ലെ വിവിധ ഹെഡുകളിലുൾപ്പെട്ടിട്ടുള്ള തുകകളും ആകെ തുകകളും PDE യിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | PDE പ്രകാരമുള്ള തുകകൾ | ILGMS ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ |
|---|---|---|
| 160100101 | 7340163/- | 7395284/- |
| 160100102 | 4475075/- | 4535075/- |
| 160100104 | 3801410/- | 4133321/- |
| 160100402 | 1385251/- | 2035251/- |
| RP31 | 8340000/- | 7040000/- |
| RP35 VAT | 16354/- | - |
| 230800113-RP14 | 40744/- | 348579/- |
| RP-18-252110001 | 1120360/- | 2216592/- |
| RP-20- Pandemic Epidemic Expense | 30000/- | - |
| Loans, Advances& Deposits | 1288852/- | 1090993/- |
| RP40(b) Treasury LGTSB Own Fund | 21312260/- | 21302270/- |

16. PDE യിൽ നിന്നും 28.09.2020 തീയതിയിൽ ILGMS ൽ കണക്കുകൾ ഉൾപ്പെടുത്തിയപ്പോൾ Balance Sheetലെ വിവിധ ഹെഡുകളിലുൾപ്പെട്ടിട്ടുള്ള തുകകളും ആകെ തുകകളും PDE യിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | PDE പ്രകാരമുള്ള തുകകൾ | ILGMS ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ |
|---|---|---|
| Excess Of Income Over Expenditure | 12846840.90/- | 204594795.90/- |
| B4-320300199 | 3510000/- | 4810000/- |
| B4-350200301 | 644662/- | - |
| B9 | 377431/- | -188896710/- |

| | | |
|---|---|---|
| B-11,B-11(b), B-11(c),B-11(d), B-11(e) | 74455041/- | 74375065/- |
| B-15-431190102 | 1250/- | - |
| B-16 Prepaid Program Expense | 28465859/- | 32452075/- |
| B-17 Treasury LGTSB Own Fund | 21312260/- | 21302270/- |
| B-18 | 6656154/- | 5867861/- |

17. ജി.ഒ. പ്രോജക്ട് പ്രകാരം കുറവ് ചെയ്ത ചുവടെ പറയുന്ന തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
അംഗണവാടി ഓണറേറിയം 45,2600/-രൂപ, ലൈഫ് പദ്ധതി 10,60,922/-രൂപ
18. എം.ജി.എൻ.ആർ സോഷ്യൽ ഡിഡക്ഷൻ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
19. 320400199 - 80,000/-രൂപ, 320100999 - 38,000/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,90,92,849/- രൂപ |
| വരവ് | 10,34,45,086/- രൂപ |
| ആകെ | 14,25,37,935/- രൂപ |
| ചെലവ് | 12,27,24,005/- രൂപ |
| നീക്കിയിരിപ്പ് | 1,98,13,930/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 59,31,406/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ (ലാപ്പ്സായ തുക) (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19224000/- | 19224000/- | 19214112- | 9888/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16367000/- | 16367000/- | 12708217/- | 3658753/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 16192000/- | 16192000/- | 11721313/- | 4470687/ |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 6083000/- | 6083000/- | 4829580/- | 1253420/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 8430000/- | 8430000/- | 3888743 | 4541257/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 13558880/- | 13558880/- | 9694297/- | 3864583/- |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ശുചിത്വമിഷൻ | 1495919/- | 3544064/- | 5039983/- | 550000/- | 4489983/- |
| ലൈഫ് മിഷൻ (സ്റ്റേറ്റ് ഷെയർ ) | 3510000/- | 1300000/- | 4810000/- | 1957590/- | 2852410/- |
| കുടുംബശ്രീ ചലഞ്ച്ഫണ്ട് | 299543/- | 21037/- | 320580/- | 320580/ | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 3383057/- | 12060637/- | 4643694/- | 1200000/- | 3443694/- |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 413834/- | 650041/- | 1063875/- | 864314/- | 199561/- |
| TSC | 2871584/- | 164843/- | 3036427/- | - | 3036427/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 341 | 268427566/- | 260 | 90028865/- | 15 | 66 | 69.76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 413834/- | 650041/- | 1063875/- | 864314/- | 199561/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 54713533/- | 54713533/- | 54713533/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 161160/- | 79 |
| കർഷകതൊഴിലാളി പെൻഷൻ | 8163800/- | 376 |
| വിധവാപെൻഷൻ | 27079800/- | 1653 |
| വാർദ്ധക്യകാലപെൻഷൻ | 49542400/- | 3169 |
| വികലാംഗപെൻഷൻ | 8663600/- | 446 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1548600/- | 87 |
| വിവാഹധനസഹായം | 240000/- | 8 |

## 1-7-1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ

സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - സർക്കാർ ഫണ്ടിന് നഷ്ടം.

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന 8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പി.പി.ഒ. നമ്പർ | പെൻഷൻ ഐ.ഡി. | കാലയളവ് | അനർഹമായി കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|---|
| 1 | പൊന്നമ്മ ബേബി | ലഭ്യമല്ല | 103200200941 | 4/15-4-20 | 64100/- |
| 2 | അമ്മിണി.കെ | ലഭ്യമല്ല | 103200201542 | 4/15-4/19 | 49600/- |
| 3 | സരസ്വതിയമ്മ.പി | ലഭ്യമല്ല | 103200201563 | 4/15-4/19 | 37000/- |
| 4 | ത്രിവിക്രമൻപോറ്റി | ലഭ്യമല്ല | 103200202402 | 1/16-4/19 | 59100/- |
| 5 | കെ.ജോൺ | ലഭ്യമല്ല | 103200202529 | 7/16-4/19 | 48000/- |
| 6 | രത്നപ്പിള്ള തങ്കച്ചി | ലഭ്യമല്ല | 103200202756 | 10/16-4/19 | 33600/- |
| 8 | സുധർമ്മ ദേവി | ലഭ്യമല്ല | 103200600132 | 4/15-9/19 | 52000/- |
| 9 | വിജയമ്മ | ലഭ്യമല്ല | 103200601351 | 4/15-4/20 | 65300/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.10/12.07.2022

1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ പെൻഷണറുടെ പേരിൽ മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണപ്പെട്ട തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഭവാനിയമ്മ | വാർദ്ധക്യകാലപെൻഷൻ | 103200200192 | 16.5.20 | 5/20-6/21 | 21300/- |
| 2 | കുഞ്ഞമ്മ | വാർദ്ധക്യകാലപെൻഷൻ | 103200200633 | 3.5.20 | 5/20-6/21 | 21300/- |
| 3 | ചെല്ലമ്മ | വിധവ പെൻഷൻ | 103200600791 | 29.3.20 | 12/19-6/21 | 11400/- |
| 4 | സാറാമ്മ ജോൺ | വാർദ്ധക്യകാലപെൻഷൻ | 103200202510 | 30.4.20 | 5/20-6/21 | 8400/- |
| 5 | കുഞ്ഞുകുഞ്ഞ് | കർഷകത്തൊഴിലാളി പെൻഷൻ | 103200100136 | 15.4.21 | 6/21-12/21 | 11200/- |
| 6 | സാവിത്രി | വാർദ്ധക്യകാലപെൻഷൻ | 103200200407 | 28.11.21 | 11/21-4/22 | 9600/- |
| 7 | ഷാജഹാൻ | വാർദ്ധക്യകാലപെൻഷൻ | 103200200526 | 16.2.22 | 2/22-4/22 | 4800/- |

| | | | | | | |
|---|---|---|---|---|---|---|
| 8 | നാരായണൻ | കർഷകത്തൊഴിലാളി പെൻഷൻ | 103200100810 | 30.3.22 | 3/22-4/22 | 3200/- |

ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടാത്തതിനാലാണ് സാമൂഹ്യ സുരക്ഷ പെൻഷൻ മരണശേഷവും തുടർന്ന് നല്കിയത്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞുവരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള നിലവിലുള്ള ഏക മാർഗ്ഗം. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8,069/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1- 9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷൻ മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) ഡി & ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

5) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല.

6) വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7) മുൻകുറുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

8) 01.06.2020 മുതൽ 3.02.2021 തീയതി വരെ ചുമതലപ്പെടുത്തിയിരുന്ന ശ്രീ. ശ്രീജിത്ത് ഹെഡ് മാസ്റ്ററുടെ ചുമതല ഏറ്റെടുത്തിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ചുമതല ഏറ്റെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ആയത് ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.04.2022 To 13.04.2022 | 01.10.2021 & 31.03.2022 | ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2014 To 18.03.2014 | 2008-09 – 2012-13 | 07.05.2014 |

1-11 ബാങ്ക് നിക്ഷേപം തിരികെ ലഭ്യമാക്കാനുള്ള കോടതി വിധി നടപ്പിലാക്കിയില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ 7,46,313/- രൂപ നീക്കിയിരുപ്പുണ്ട്. ടി സ്ഥാപനം നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. പ്രസ്തുത തുക പലിശ സഹിതം ഈടാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക് സർവീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച 7,46,313/- രൂപ പലിശ സഹിതം ലഭിക്കുന്നതിനായി ബഹു.കേരള ഹൈക്കോടതിയിൽ WPC 27807/2016 നമ്പറായി റിട്ട് പെറ്റീഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 23.08.2016ൽ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെന്നും വിധിയുടെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്ത് അക്കൗണ്ട് തീർപ്പാക്കി തുക ലഭ്യമാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് 03/11/2016 ലെ C.P(6) 34719/16 നമ്പറായി താമരക്കുടി സർവീസ് സഹകരണ ബാങ്കിന് നിർദേശം നൽകിയിരുന്നുവെന്നും എന്നാൽ നാളിതുവരെ തുക ലഭിക്കാത്തതിനാൽ ബഹു. കേരള ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹർജി ഉടൻ തന്നെ സമർപ്പിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം.4/11.07.22

1-12 റീക്കൺസിലിയേഷൻ - അപാകതകൾ

ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 2020-21 സാമ്പത്തികവർഷത്തെ Reconciliation സ്റ്റേറ്റ്മെന്റുകൾ (2/21) പരിശോധിച്ചതിൽ Cheque Deposited But Not Cleared എന്ന ഇനത്തിൽ താഴെപ്പറയുന്ന ചെക്കുകൾ എൻക്യാഷ് ചെയ്തതായി കാണുന്നില്ല.

| വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|
| 1200100003/29.09.20 | 6603051/29.09.20 | 3750/- |
| 1200100005/29.09.20 | 6311133/29.09.20 | 2000/- |
| 1200100044/6.10.20 | 6311412/1.10.20 | 3250/- |
| 1200100108/12.10.20 | 6605432/12.10.20 | 6313/- |
| 1200100129/14.10.20 | 6558712/1.10.20 | 5000/- |
| 1200100016/1.10.20 | 7258254/1.10.20 | 4500/- |
| 1200100028/5.10.20 | 7615752/5.10.20 | 5750/- |
| 1200100103/12.10.20 | 7615690/12.10.20 | 1850/- |

കൂടാതെ നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്നിരിക്കെ 2020-21 ലെ ഒടുക്കുകളും 2021-22ലെ പിൻവലിക്കലുകളും പരിശോധിച്ചതിൽ ബാങ്ക് അക്കൗണ്ടുകൾ കൃത്യമായി റീകൺസീലിയേഷൻ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലായെന്നും കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2021-2022 സാമ്പത്തിക വർഷത്തിലെ ആംബുലസിന്റെ വരവ് പരിശോധിക്കാൻ കഴിഞ്ഞില്ല.

ഓഡിറ്റ് എൻക്വയറി നം. 15/13.07.22

1-13 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത

ശ്രീ.ജോർജ് ജോൺ, ചെക്കാല പുത്തൻവീട്, പള്ളിക്കൽ എന്ന വ്യക്തി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് കെട്ടിട നികുതി നിർണ്ണയിച്ച് 9/829 എന്ന പുതിയ നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, ഓവർസീയറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ മേൽ കടമുറികൾക്കൊപ്പം ടിയാന്റെ

ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന്റെ വിസ്തൃതി കുറച്ച് നികുതി ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തരം | അസസ്മെന്റ് വർഷം | കംപ്ലീഷൻ പ്ളാൻ പ്രകാരമുള്ള ഏരിയ | അസസ്സ് ചെയ്ത ഏരിയ | കുറവ് അസസ്സ് ചെയ്ത ഏരിയ |
|---|---|---|---|---|---|
| 9/431 | റെസിഡൻഷ്യൽ | 1993/First Half | 198.44 $M^2$ | 188 $M^2$ | 10.44 $M^2$ |
| 9/469, 9/470 | കൊമേഴ്ഷ്യൽ | 2011//First Half | 206.81 $M^2$ | 179.4 $M^2$ | 27.41 $M^2$ |

206.81 എം സ്ക്വയർ ഉള്ള വാണിജ്യ അടിസ്ഥാനത്തിലുള്ള മേൽ കെട്ടിടത്തിന് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ് ഗണത്തിൽ ഉൾപ്പെടുത്തി 45/-രൂപ നിരക്കിലാണ് കെട്ടിട നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ കെട്ടിടങ്ങൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി പുനർനിർണ്ണയിച്ചും 100 എം.സ്ക്വയറിന് അധികമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയിച്ചും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.12 /13.07.22

## 1-14 KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല - അടിയന്തിര നടപടികൾ അനിവാര്യം.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/ ബിൽ നം., തീയതി. | ഇൻവോയ്സ് നം/തീയതി. | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|
| 129/21 വികസനഫണ്ട് (ജനറൽ) | 3,27,600/- 251/16.10.2020 | 2844/ 09-10-20 | 60,652/- |
| 134/21 മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 5,00,000/- 252/16.10.2020 | 2849/ 09-10-2020 | 79,033/- |
| 132/21 മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 3,00,000/- 252/16.10.2020 | 2842/ 09-10-2020 | 20,753/- |
| ആകെ | | | 1,60,438/- |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 7/2022/11.07.2022

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – 124/21, 233/21 (SO) (നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിലധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. 2 ലക്ഷം രൂപ ആകെ നല്കാവുന്നതും അതിൽ 50000/-രൂപ മുൻകൂറായി

നല്കാവുന്നതുമാണ്.)

പ്രോജക്ട് നം. – 124/21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

അടങ്കൽ തുക - 26,00,000/- രൂപ (വികസന ഫണ്ട് എസ്.സി.പി )

ചെലവ് – 14,25,000/-രൂപ

പ്രോജക്ട് നം. – 233/21 (SO)

അടങ്കൽ തുക - 8,00,000/- രൂപ (വികസന ഫണ്ട് എസ്.സി.പി)

ചെലവ് – 4,50,000/-രൂപ

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഉൾപ്പെട്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്ര.നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (ഓഡിറ്റ് തീയതി വരെ ) (രൂപ) | ബിൽ നം, തീയതി |
|---|---|---|---|
| 1 | നമിത ബി സത്യൻ, നമിതനിവാസ്, മൂഴിക്കോട് 124/20-21 | 50,000<br>75,000 | 34, തീ 15-03-2021<br>ചെക്ക് നം 3959220, തീ 07-10-2021 |
| 2 | വിശാഖ് ആർ, വാലുതുണ്ടിൽ വീട്, പുലമൺ (233/20-21 Spill Over) | 50,000<br>50,000 | 26, തീ 11-11-2019<br>6, തീ 29-09-2020 |
| 3 | ഭ്രമിക ബാൽ ശങ്കർ, ചരുവിള പുത്തൻവീട്, പള്ളിക്കൽ | 50,000 | 6, തീ 14-08-2019 |

ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 1, തീ 05-07-2022) നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുകയോ, അല്ലാത്തപക്ഷം അവർക്ക് നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 1/05-07-2022

## 1-16 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, 'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (SC)

പ്രോജക്ട് നമ്പർ – 183/2020-21, 340/21 (Spill Over), 344/21 (Spill Over)

ആകെ ഗുണഭോക്താക്കൾ – 48

പ്രവൃത്തി പൂർത്തീകരിച്ചവർ – 38

പ്രവൃത്തി പൂർത്തീകരിക്കാനുള്ളവർ – 10

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രാധാമണി<br>ചൽവിള തെക്കതിൽ(4) | 380000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | ഭവാനി<br>പുളിക്കൽവീട്(20) | 200000/- | അടിസ്ഥാനം നിർമ്മിച്ചു |
| 3 | സാവിത്രി<br>സനൽഭവനം(16) | 200000/- | അടിസ്ഥാനം നിർമ്മിച്ചു |
| 4 | വിജയമ്മ<br>വിജിഭവനം(16) | 300000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | രാജമ്മ<br>ഓമനാലയം(7) | 200000/- | അടിസ്ഥാനം നിർമ്മിച്ചു |
| 6 | സ്മിത<br>ഐശ്വര്യ(19) | 300000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 7 | വിജയമ്മ<br>പാലേക്കുന്നിൽ(16) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 8 | രമണി<br>ചൽവിളവീട്(19) | 300000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 9 | രാജേന്ദ്രൻ<br>പനച്ചിവിള വീട്(14) | 40000/- | പണി തുടങ്ങിയിട്ടില്ല |
| 10 | ഉഷ<br>വാൻവിൽ വീട്(11) | 300000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |

*ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (ജനറൽ)

പ്രോജക്ട് നമ്പർ – 181/2020-21, 343/21, 339/21

ആകെ ഗുണഭോക്താക്കൾ – 142

പ്രവൃത്തി പൂർത്തീകരിച്ചവർ – 115

പ്രവൃത്തി പൂർത്തീകരിക്കാനുള്ളവർ – 27

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗീത<br>നിഥിൻ വിലാസം(12) | 260000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | പൊടിമോൾ<br>പ്രിൻസ് ഭവൻ(4) | 300000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 3 | ശ്യാമള<br>പാലക്കൽവീട്(18) | 390000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 4 | കുമാരി<br>തെങ്ങുംതുണ്ടിൽ(16) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | ഭാഗീരഥി അമ്മ<br>നെടിയകാല കിഴക്കതിൽ(17) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 6 | ലളിത<br>പേറ്റിവിള വീട്(17) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 7 | ജയകുമാരി<br>തനൂജ് ഭവൻ(7) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 8 | വനജകുമാരി<br>വിഷ്ണു ഭവൻ(8) | 390000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| 9 | രാധാമണി<br>മുകളിൽ മങ്ങാട്ട്(17) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 10 | ഷിബു<br>പേവിള തെക്കതിൽ (11) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 11 | എമിലി<br>പാലയ്ക്കൽ വീട്(4) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 12 | ൻസൺ ഡാനിയേൽ<br>ഒറ്റപ്ലാവിള(20) | 350000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 13 | പൊടിയമ്മ<br>വാഴോട്ട് പുത്തൻവീട്(17) | 200000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 14 | വാസന്തി<br>വർഷാലയം(17) | 390000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 15 | മാർത്ത<br>അമ്പിയിൽ ചരുവിൽവീട്(7) | 180000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 16 | ലില്ലി<br>അജയഭവൻ(5) | 340000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 17 | ദാസമ്മ<br>പടിഞ്ഞാറേകണ്ണങ്കര(14) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 18 | സെബോറൾ<br>നിഷാമ ഭവൻ(13) | 390000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 19 | ദാനമ്മ രാജൻ<br>മണ്ണറവീട്(11) | 390000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 20 | രാജു യോൽദാസ്<br>ചരുവിള പുത്തൻവീട്(20) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 21 | മേരി<br>ഇലഞ്ഞിക്കോട്ട്(7) | 40000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 22 | മറിയാമ്മ<br>കാരാണിയിൽ(11) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 23 | ഹുസൈബബീവി<br>ആഗാരിവിള(12) | 300000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 24 | ആലീസ്<br>പള്ളിപടിഞ്ഞാറ്റതിൽ(10)) | 380000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 25 | സേതുലക്ഷ്മി<br>അനിൽഭവനം(10) | 360000/- | കോൺക്രീറ്റിംഗ്<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 26 | സരസമ്മ<br>വടക്കടത്ത് കിഴക്കതിൽ(5) | 200000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 27 | മണികുമാർ<br>സജിഭവൻ(16) | 200000/- | ലിന്റിൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |

* മുൻകൂർ തുക കൈപ്പറ്റിയശേഷം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം :9/12-07-2022

## 1-17 സ്ഥാവര ജംഗമ ആസ്തി രജിസ്റ്റർ - 'സചിത്ര' സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആസ്തികൾ ആർജ്ജിക്കലും സംരക്ഷിക്കലും എന്നത് ഏതൊരു സ്ഥാപനത്തിന്റെയും പരമപ്രധാനമായ കർത്തവ്യങ്ങളിൽ ഒന്നാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ആർജിച്ചിട്ടുള്ള ആസ്തികൾ 'സചിത്ര' സോഫ്റ്റ് വെയർ മുഖേന, ഡിജിറ്റൽ രൂപത്തിൽ, സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിങ്ങുമായി ബന്ധിപ്പിച്ച് രേഖപ്പെടുത്തേണ്ടതാണ് എന്നും ഈ പ്രവൃത്തി സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ ചുമതലയുള്ള എൻജിനീയർ/ഓവർസിയർ നിർവഹിക്കേണ്ടത് ആണ് എന്നും 06.08.12 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.212/2012 ത.സ്വ.ഭ.വ പ്രകാരം നിഷ്കർഷിക്കുന്നു. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് കുറ്റമറ്റതാക്കി ഇലക്ട്രോണിക് ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കേണ്ട ചുമതല സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ആയിരിക്കും. ഓരോ വർഷവും മെയ് 15 നകം മുൻവർഷത്തെ ആസ്തികളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ച്, സമിതിയുടെ അംഗീകാരത്തോടെ രജിസ്റ്റർ പൂർണ്ണമാക്കി, വെബ് അധിഷ്ഠിതമായ ഡേറ്റാബേസ് ഐ.കെ.എം-ന് നൽകണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിൽ മേൽ പരാമർശിച്ച വിധത്തിൽ വെബ് അധിഷ്ഠിതമായി 'സചിത്ര' സോഫ്റ്റ് വെയറിൽ ആസ്തി രജിസ്റ്റർ പൂർണ്ണരൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/13.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

2012-ലെ ഉത്തരവിൽ നിഷ്കർഷിച്ച വിഷയം നാളിതുവരെ നടപ്പിൽ വരുത്താൻ കഴിയാതിരുന്നത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ, ഓരോവർഷവും വിവിധ പദ്ധതികളിലൂടെ ആർജിക്കുന്ന ആസ്തികളുടെ സൂക്ഷ്മ പരിശോധന സാധ്യമാകാത്ത അവസ്ഥയാണ്. ആസ്തി സംബന്ധമായ രേഖകൾ കൃത്യതയോടെ പരിപാലിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഭൂഷണമല്ല. 'സചിത്ര' ഡിജിറ്റൽ ആസ്തി രജിസ്റ്റർ അടിയന്തിരമായി പൂർത്തീകരിച്ച് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണതല വിഭാഗങ്ങളുടെ അടിയന്തിര ഇടപെടലുകൾ അനിവാര്യമാണ്.

## 1-18 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.

1. പ്രോജക്ട് നം – 369/21

അടങ്കൽ - 200000/-രൂപ(തനതുഫണ്ട്)

ചെലവ്- 183893/-രൂപ(ചെക്ക് നം.2928007/9.11.20)

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവുവിളക്ക് പരിപാലനം – സാധനങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി 183893/-രൂപ ചെലവഴിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും താഴെക്കൊടുത്തിട്ടുള്ള ഉപകരണങ്ങൾ വാങ്ങി. ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം/നിരക്ക് | ആകെ(രൂപ) |
|---|---|---|---|
| 1 | ഫ്ലൂറസന്റ് ട്യൂബ് 40 വാട്ട്സ് | 600 /38.14 | 22881/- |
| 2 | ഇൻസുലേഷൻ ടേപ്പ് | 50 /8.48 | 423.75/- |
| 3 | എൽ.ഇ.ഡി ബൾബ് 15 വാട്ട്സ് | 350/162.50 | 56875/- |
| 4 | ഇലക്ട്രോണിക് ചോക്ക് | 600 /118.64 | 71184/- |
| 5 | അലൂമിനിയം വയർ 1.5 | 22കോയിൽ /259.32 | 5705.04/- |

| | | | |
|---|---|---|---|
| 6 | അലൂമിനിയം വയർ 2.5 | 2 കോയിൽ /832.20 | 1664.40/- |
| | ആകെ | | 158733.19 +25159 ( GST) = 183893/- |

2. പ്രോജക്റ്റ് നം. – 356/21

അടങ്കൽ - 99549/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് – 99168/-രൂപ (ബിൽ നം.3/20-21/23.7.2020)

-ടി- പ്രോജക്റ്റ് പ്രകാരം 99168/-രൂപ ചെലവഴിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും താഴെക്കൊടുത്തിട്ടുള്ള ഉപകരണങ്ങൾ വാങ്ങി.

| ക്രമ നം | ഇനം | എണ്ണം/നിരക്ക് | ആകെ(രൂപ) |
|---|---|---|---|
| 1 | ഫ്ലൂറസന്റ് ട്യൂബ് 40 വാട്ട്സ് | 1100/38.14 | 41948.5/- |
| 2 | ഇൻസുലേഷൻ ടേപ്പ് | 50/8.48 | 423.75/- |
| 3 | സ്റ്റാർട്ടർ | 1400/7.63 | 10682/- |
| 4 | ഇലക്ട്രോണിക് ചോക്ക് | 200/118.64 | 23728/- |
| 5 | അലൂമിനിയം വയർ 1.5 | 28 കോയിൽ /259.32 | 7260.96/- |
| | ആകെ | | 84043 + 15127.78 (GST) = 99170.99/- Limited To 99168/- |

മേൽ പരാമർശിത ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക രജിസ്റ്ററിൽ 2019-20 ൽ വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യകത പരിഗണിക്കാതെ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിനും നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 283061/- (183893+99168) രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 283061/-രൂപ

ഓഡിറ്റ് എൻക്വയറി നം. 8/11.7.2022&13/13.7.22

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ | ചെലവ്/ചെക്ക് നം. തീയതി/ബിൽ നം.തീയതി | തുക നൽകിയത് |
|---|---|---|---|---|
| 1 | 123/21 ജീവനം | 50000/- (തനത് ഫണ്ട്) | 50000/- (3916084/29.3.21) | ജില്ലാ പഞ്ചായത്ത്, കൊല്ലം |
| 2 | 368/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3822743/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3822743/-(UTR No.2004025201710124773/18.3.21) | ഭൂജലവകുപ്പ് |
| 3 | 392/21 ജില്ലാ | 150000/- | 150000/-2928088/16.3.21 | ജില്ലാ പ്ലാനിംഗ് |

| | | | | |
|---|---|---|---|---|
| | ആസൂത്രണ സമിതി മന്ദിരകെട്ടിട നിർമ്മാണം | (തനത് ഫണ്ട്) | | ഓഫീസർ |
| 4 | 182/21 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 300000/- (തനത് ഫണ്ട്) | 168667/-രൂപ {24442/-chq No.2717915/14.7.20, 11070/- 2717915/14.7.20, 16541/- 2717920/17.7.20, 22307/- 0331546/16.10.20, 30932/- 2928006/9.11.20, 51773/- 2928081/10.3.21 11602/-(ചെക്ക് നമ്പർ ലഭ്യമല്ല)} | കെ.എസ്.ഇ.ബി കൊട്ടാരക്കര |
| 5 | 140/21വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 147621/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 65767/- 2/20-21/15.7.2020 14209/- 4/20-21/23.7.2020 | കെ.എസ്.ഇ.ബി കൊട്ടാരക്കര |
| | ആകെ | | 4271386/- | |

-ടി- പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുകയായ 4271386/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 4271386/-രൂപ

ഓഡിറ്റ് എൻക്വയറി നം. 8/11.7.2022

1-20 പ്രോജക്ടും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പ്രോജക്ടും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം.പേര് | അടങ്കൽ | ചെലവ് | UTR NO./ചെക്ക് നം./ ബിൽ നം/തീയതി |
|---|---|---|---|
| 225/21 ഹരിതകേരളമിഷൻ പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ | 186718/- | 184000/- | 20040252017100014497/11.4.20 |
| 365/21 തെരുവുവിളക്ക് മെയിന്റനൻസ് - വാഹനവും തൊഴിലാളികളുടെ വേതനവും അനുബന്ധചെലവുകളും | 192483/- | 82275/- | 2928030/23.12.20 |
| 367/21 കോവിഡ് പ്രധിരോധപ്രവർത്തനം- സി.എഫ്.എൽ.ടി.സി അടിയന്തിര പ്രവർത്തനങ്ങൾ | 4000000/- | 953386/- | 5032007201200045/12.1.21 |
| ആകെ | | 1219661/- | |

പ്രോജക്ടും അനുബന്ധരേഖകളും ഹാജരാക്കുന്നതിന് റിക്വിസിഷൻ നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 1219661/-രൂപ തടസ്സപ്പെടുത്തുന്നു. ആയതു ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 1219661/-രൂപ
ഓഡിറ്റ് റിക്വസിഷൻ നമ്പർ – 1/7.7.22

1-21 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). മേൽ ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്തു പരിധിയിൽ എത്ര റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്, അവയുടെ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളെയും മാവേലി സ്റ്റോറുകളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/11.07.2022

1-22 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 - സ്ഥാപന തൊഴിൽ നികുതി

| | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈക്കോ, താമരക്കുടി | I , II |
| 2 | മുത്തൂറ്റ് മൈക്രോഫിൻ | II |
| 3 | ശിവദ്രുമ ആയുർവ്വേദ ക്ലിനിക്ക് | I |
| 4 | മൈലം റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I , II |
| 5 | ബെത്ത്സൈദ കാഷ്യൂ ഫാക്ടറി | I , II |

2) പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 3 ക്ഷീര സൊസൈറ്റികൾ (പുലമൺ ക്ഷീര സൊസൈറ്റി, കോട്ടാത്തല ക്ഷീര സൊസൈറ്റി, മൈലം പള്ളിക്കൽ ക്ഷീര സൊസൈറ്റി) 2020-21 വർഷം രണ്ട് അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും

ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 03/11.07.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 07.07.2022 & 08.07.2022 | കെ.എസ്.എ.കെ.എൽ.എം.പി11/1305/2022, തീ 23.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 15000/- | തരിശ് വാഴകൃഷി വികസനം 353/21 | 15000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20000/- | തരിശ് പച്ചക്കറി കൃഷി 354/21 | 20000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 30000/- | തരിശ് കിഴങ്ങു കൃഷി 355/21 | 30000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 71750/- | തരിശ് നെൽകൃഷി 352/21 | 71750/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 102340/- | നെൽകൃഷി വികസനം 161/21 | 102340/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 75000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-9/21 | 75000/- | - |
| ബ്ലോക്ക് | 2020-21 | 600000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി | 600000/- | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വാങ്ങൽ SC SO346/21 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ SC 209/21 | 150000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1500000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ SO345/21 | 1500000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1300000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ 205/21 | 1300000/- | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 127746/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-SO269/21 | 127746/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 50000/- | അഗതിരഹിത കേരളം SO338/21 | 50000/- | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1600000/- | ലൈഫ് ഭവന പദ്ധതി | 1600000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 75000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000/- | അങ്കണവാടി പോഷകാഹാരം-(എസ്.സി.പി.) | 100000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000/- | അങ്കണവാടി പോഷകാഹാരം | 22978/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 123/21 ജീവനം | (3916084/29.3.21) | 50000/- | 0 | 50000/- |
| ഭൂജലവകുപ്പ് | 368/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | U.T.R No.2004025201710 124773/18.03.21 | 3822743/- | 0 | 3822743/- |
| കെ.എസ്.ഇ.ബി | 182/21 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 24442/- chq No.2717915/14.7.20, 11070/- 2717915/14.7.20, 16541/- 2717920 /17.7.20, 22307/-0331546 | 168667/- | 0 | 168667/- |

| | | | | | |
|---|---|---|---|---|---|
| | | /16.10.20,<br>30932/- 2928006 /9.11.20,<br>51773/- 2928081 /10.3.21<br>11602/-<br>(ചെക്ക് നമ്പർ ലഭ്യമല്ല) | | | |

| | | | |
|---|---|---|---|
| 140/21<br>വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 147621/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 65767/-<br>2/20-21 /15.7.2020<br>14209/-<br>4/20-21 /23.7.2020 | കെ.എസ്.ഇ.ബി<br>കൊട്ടാരക്കര |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7040000/- രൂപ വരവുണ്ട്. മുൻബാക്കി 0/- രൂപയടക്കം 7040000/-രൂപയിൽ 6169383/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ ലൈഫ് ഭവനനിർമ്മാണം | 2278/തസ്വഭവ 18.8.2018 | 7040000/- | 27014229/- | 2971098/- | | 31083131/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 31,868/- രൂപ ലഭിച്ചിട്ടുണ്ട്.
RP-10 Audit Recovery Based On Charge Certificate എന്ന ഹെഡിൽ 31,868/-രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത ബോധ്യപ്പെടുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | 1 - അനുബന്ധം 3 | വസ്തുനികുതി | |
| 2014-15 | 2-6 | 2016-17 | 2- അനുബന്ധം 3 | തൊഴിൽനികുതി | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

2) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 283061/- രൂപ | ശ്രീ.റ്റി. ജോൺ, സെക്രട്ടറി |
| 1-19 | 4271386/-രൂപ | ശ്രീ.റ്റി. ജോൺ, സെക്രട്ടറി |
| 1-20 | 1219661/-രൂപ | ശ്രീ.റ്റി. ജോൺ, സെക്രട്ടറി |
| ആകെ | 57,74,108/- | |

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | 1-7.2 |
|---|---|

4) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

5) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി. ജോൺ, സെക്രട്ടറി | വിരമിച്ചു | ചന്ദനവിള,<br>വെള്ളിമൺ വെസ്റ്റ് പി ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11-407(6)/18 തീ.23.02.18 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11-407(7)/18 തീ.23.02.18 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11-407(8)/18 തീ.23.02.18 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി11-407(9)/18 തീ.23.02.18 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11-407(10)/18 തീ.23.02.18 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11-407(11)/18 തീ.23.02.18 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11-407(12)/18 തീ.23.02.18 |

| | |
|---|---|
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11-407(13)/18 തീ.23.02.18 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11-407(14)/18 തീ.23.02.18 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11-407(15)/18 തീ.23.02.18 |
| 2006-07 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-പി3/1924/15 തീ: 06.02.16. |
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-പി3/832/16 തീ: 23.05.16. |
| 2015-16 | കെ.എസ്.ഐ-കെ.എൽ.എം-പി3 /1789/16-09-01-2017 |
| 2016-17 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/17, 28.10.2017 |
| 2017-18 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/18, 28.10.2017 |
| 2018-19 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 427/2020, 10.06.2020 |
| 2019-20 | കെ.എസ്.ഐ-കെ.എൽ.എം-പി11/757/2021 തീ:29-06-2021 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്